## കേരള സർക്കാർ

സംഗ്രഹം

പൊതുഭരണ വകുപ്പ് - അറിയുവാനുള്ള അവകാശ ചട്ടം 2005 - പൊതുജനങ്ങൾക്ക് വിവരങ്ങൾ നൽകുന്നതിന് താൽക്കാലിക ഫീസ് നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപന) വകുപ്പ്**

സ.ഉ.(സാധാ) നം. 8026/05/പൊ.ഭ.വ        തിരുവനന്തപുരം, തീയതി, 19.10.2005

---

പരാമർശം:- 10.10.2005-ലെ ജി.ഒ.(പി) 367/05/പൊ.ഭ.വ നമ്പർ ഉത്തരവ്.

**ഉത്തരവ്**

അറിയുവാനുള്ള അവകാശ ചട്ടം 2005-ലെ സെക്ഷൻ 6, 7 എന്നിവ പ്രകാരം, ചട്ടത്തിന്റെ പരിധിയിൽ വരുന്ന വിവരങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിന് നിശ്ചിത ഫീസ് ഈടാക്കാമെന്ന് വ്യവസ്ഥയുണ്ട്. ഇപ്രകാരം ഈടാക്കാവുന്ന ഫീസിന്റെ നിരക്ക് സംബന്ധിച്ച്, പ്രസ്തുത ചട്ടത്തിലെ 27-ാം വകുപ്പ് അനുശാസിക്കുന്ന പ്രകാരമുള്ള നിയമനിർമ്മാണം നടത്തുന്നതുവരെ പൊതുജനങ്ങൾക്ക് വിവരങ്ങൾ നൽകുന്നതിന് താഴെ കൊടുക്കുന്ന താല്ക്കാലിക ഫീസ് നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വകുപ്പ് 6(1) പ്രകാരം**

| | |
|---|---|
| വിവരങ്ങൾ ലഭ്യമാക്കാനുള്ള അപേക്ഷയോടൊപ്പം ഒടുക്കേണ്ടുന്ന ഫീസ് | 10 രൂപ |

**വകുപ്പ് 7(1) പ്രകാരം**

| | | |
|---|---|---|
| 1 | വിവരങ്ങൾ 'A4' വലിപ്പത്തിലുള്ള പേപ്പറിൽ ലഭിക്കുന്നതിന്, ഓരോ പേജിനും | 2 രൂപ |
| 2 | വലിപ്പം കൂടുതലുള്ള പേപ്പറിൽ വിവരങ്ങൾ ലഭിക്കുന്നതിന് | അതിനുള്ള യഥാർത്ഥ ചെലവ്. |
| 3 | സാമ്പിളുകളും മോഡലുകളും ലഭിക്കുന്നതിന് | അതിനുള്ള യഥാർത്ഥ വില/ചെലവ്. |
| 4 | രേഖകളുടെ പരിശോധനയ്ക്ക് | ആദ്യത്തെ ഒരു മണിക്കൂറിന് ഫീസില്ല. അതിനുശേഷമുള്ള ഓരോ 30 മിനിട്ടിനും അതിന്റെ അംശത്തിനും 10 രൂപ വീതം. |

**വകുപ്പ് 7(5) പ്രകാരം**

| | | |
|---|---|---|
| 1. | സി.ഡി, ഫ്ലോപ്പി തുടങ്ങിയ ഇലക്ട്രോണിക് രൂപത്തിൽ വിവരങ്ങൾ ലഭിക്കുന്നതിന് (ഓരോന്നിനും) | 50 രൂപ |
| 2. | പ്രിന്റഡ് രൂപത്തിൽ വിവരങ്ങൾ ലഭിക്കുന്നതിന് (ഓരോ പേജിനും) | 2 രൂപ |

പൊതുജനങ്ങളിൽ നിന്നും നിശ്ചിത നിരക്കിലുള്ള ഫീസ് TR 5 മുഖേന അതാത് ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ടതും അപ്രകാരം സ്വീകരിക്കുന്ന തുക ഓഫീസ്/സ്ഥാപന മേധാവികൾ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം " 0070 other administrative services -- 60 other services -- 800 other receipts -- 42 other items" എന്ന അക്കൗണ്ട് ഹെഡിൽ ബന്ധപ്പെട്ട ട്രഷറിയിൽ ഒടുക്കേണ്ടതുമാണ്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ അതു തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്ന പക്ഷം നിർദ്ദിഷ്ട ഫീസ് ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**ഇ.കെ. ഭരത് ഭൂഷൺ**

**പ്രിൻസിപ്പൽ സെക്രട്ടറി**